**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5049** — **20-07-2022 - ൽ മറുപടിയ്ക്ക്**

**മണത്തല വിശ്വനാഥക്ഷേത്രത്തിന് ലീസിന് നൽകിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ മണത്തല വിശ്വനാഥ ക്ഷേത്രത്തിന് ലീസിന് നൽകിയിരുന്ന റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും തിരികെ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം നൽകുമോ ; ക്ഷേത്രത്തിന് ലീസ് പുതുക്കി നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) | ചാവക്കാട് താലൂക്ക് മണത്തല വില്ലേജ് സർവ്വേ നമ്പർ 236/1 ൽ 3.46 ഏക്കർ ,221/1 ൽ 1 ഏക്കർ 25 സെന്റ് , 222/2 ൽ 75 സെന്റ് കൂടി ആകെ 5.46 ഏക്കർ ഭൂമി മണത്തല വിശ്വനാഥ ക്ഷേത്രത്തിന് പാട്ടത്തിന് നൽകിയിരുന്നതും ആയതിൽ 221/1, 222/2 ൽ ഉൾപ്പെട്ട 2 ഏക്ക (0.8094 ഹെക്ടർ) ഭൂമി 20.10.2021 തീയതിയിൽ സർക്കാരിലേക്ക് തിരികെ ഏറ്റെടുത്തിട്ടുള്ളതാണ്.<br><br>1993മുതൽ മണത്തല വിശ്വനാഥ ക്ഷേത്രത്തിന്റെ പാട്ടം പുതുക്കിയിട്ടില്ലാത്തതാണ്. GO(P) 126/04/RD dtd 14.05.2004, GO(P)174/2011/RD dtd 02.05.2011, GO(P 64/2016/RD dtd 28.01.2016 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 31.03.2018 വരെ കണക്കാക്കിയ കുടിശ്ശിക 1,80,50,417/- രൂപ അടവ് വരുത്തുന്നതിന് നോട്ടീസ് ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുള്ളതാണെങ്കിലും കുടിശ്ശിക നാളിതുവരെ അടവ് വന്നിട്ടില്ലാത്തതാണ്. 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, വകുപ്പ് 12(b) പ്രകാരം പാട്ടക്കുടിശ്ശിക അടവുവരുത്താത്തതിനാൽ പാട്ട പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകിരിച്ചിട്ടില്ലാത്തതാണ്.<br><br>31.03.2018 വരെ കണക്കാക്കിയ കുടിശ്ശിക **1,80,50,417/- രൂപ അടവ്വരുത്തുന്നതിന് മണത്തല വിശ്വനാഥ ക്ഷേത്രവുമായി ബന്ധപ്പെട്ടവർ നോട്ടീസ്കൈപ്പറ്റിയതിനുശേഷ ഇത്രയും വലിയ തുക അടവാക്കാൻ സാധ്യമല്ല എന്നും പാട്ടകുടിശ്ശിക ഒഴിവാക്കിത്തരുന്നതിനും ക്ഷേത്ര ആവശ്യത്തിനായി ഉപയോഗിച്ച വരുന്ന** |

| | | | |
|---|---|---|---|
| | | | **മണത്തല വില്ലേജ് സർവ്വെ 236/1 ൽ ഉൾപ്പെട്ട 3.46 ഏക്കർ ഭൂമി സൌജന്യമായി പതിച്ച് നൽകുന്നതിനും അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.** |
| (ബി) | ക്ഷേത്രത്തിന് ലീസ് പുതുക്കി നൽകുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 1995 ലെ മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ , വകുപ്പ് 12 (b) പ്രകാരം പാട്ടകുടിശ്ശിക അടവുവരുത്താത്തതിനാൽ പാട്ടം പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടില്ല. |
| (സി) | നിലവിലെ റോഡ് വീതി കൂട്ടുന്നതിനായി ലീസിനു നൽകിയിരുന്ന റവന്യൂ ഭൂമിയിൽ നിന്നും ഭൂമി അനുവദിച്ച നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചാവക്കാട് നഗരസഭ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | നിലവിലെ റോഡ് വീതി കൂട്ടുന്നതിനായി ലീസിനു നൽകിയിരുന്ന റവന്യൂ ഭൂമിയിൽ നിന്നും ഭൂമി അനുവദിച്ച നല്ലണമെന്നാവശ്യപ്പെട്ടുകൊണ്ട് ചാവക്കാട് നഗരസഭ സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ നിയമാനുസൃതം നടപടി സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ